# പരിസ്ഥിതി എന്നാണ് പരിഗണിക്കപ്പെടുക?

**പുതുവർഷം** പിറന്നത് ഇന്ത്യയിൽ വളരെ ശ്രദ്ധിക്കപ്പെട്ട ഒരു പരിഷ്കരണത്തോടെയായിരുന്നു. ആം ആദ്മി പാർട്ടിയുടെ നേതൃത്വത്തിലുള്ള ദില്ലി സർക്കാറാണ് ഈ പരിഷ്കരണത്തിന് മുതിർന്നത് എന്നതും ശ്രദ്ധേയം. 2016 ജനുവരി ഒന്നു മുതൽ 15 വരെ ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ മാത്രം സ്വകാര്യ വാഹനങ്ങളെ റോഡിലിറങ്ങാൻ അനുവദിക്കുക എന്നതായിരുന്നു ദില്ലി സർക്കാറിന്റെ തീരുമാനം. ഒറ്റ അക്കത്തിൽ അവസാനിക്കുന്ന നമ്പറുകൾ ഉള്ള വാഹനങ്ങൾ തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിലും ഇരട്ട അക്കത്തിൽ അവസാനിക്കുന്ന നമ്പരുകൾ ഉള്ള വാഹനങ്ങൾ ചൊവ്വ, വ്യാഴം, ശനി ദിവസങ്ങളിലും നിരത്തിലിറക്കാമെന്നായിരുന്നു വ്യവസ്ഥ. അതീവജാഗ്രത പുലർത്തേണ്ട ഘട്ടത്തിലേക്ക് ദില്ലിയുടെ അന്തരീക്ഷം മലിനീകരിക്കപ്പെട്ടിരിക്കുന്നുവെന്ന ദില്ലി ഹൈക്കോടതിയുടെ ഗൗരവമായ നിരീക്ഷണം വന്നതിന് പിന്നാലെയാണ് സർക്കാർ ഇത്തരത്തിലൊരു തീരുമാനമെടുക്കുന്നത്. അതുമാത്രമായിരുന്നില്ല കാരണം. അന്തരീക്ഷ മലിനീകരണം ഏറ്റവും കൂടുതലുള്ള നഗരങ്ങളുടെ പട്ടികയിൽ ദില്ലി ലോകത്ത് ഒന്നാം സ്ഥാനത്താണെന്ന് 2014 ആഗസ്റ്റിൽ തന്നെ ലോകാരോഗ്യ സംഘടന റിപ്പോർട്ട് ചെയ്തിരുന്നു. ആശങ്കാജനകമായ ഈ വാർത്തയോട് ക്രിയാത്മകമായി തന്നെയാണ് ദില്ലി സർക്കാർ പ്രതികരിച്ചത്. ദില്ലി സർക്കാറിന്റെ പരീക്ഷണത്തോട് ജനങ്ങളും കാണിച്ച സഹകരണം പരിസ്ഥിതിപ്രശ്നങ്ങളുടെ പരിഹാരത്തിൽ പങ്കാളിത്ത ജനാധിപത്യത്തിനുള്ള പങ്കും വ്യക്തമാക്കുന്നുണ്ട്.

15 ദിവസത്തേക്ക് മാത്രം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയ ഒരു വാഹന നിയന്ത്രണത്തെക്കുറിച്ച് ഇത്രയേറെ പ്രഘോഷിക്കേണ്ടതുണ്ടോ എന്ന് കരുതുന്നവരുണ്ടായേക്കും. എന്നാൽ പാരിസ്ഥിതിക വിവേകം തൊട്ടുതീണ്ടിയിട്ടില്ലാത്ത, ദുരന്തങ്ങൾ കണ്ടിട്ടും പഠിക്കാൻ തയ്യാറല്ലാത്ത ഒട്ടേറെ സർക്കാറുകൾക്ക് ഇത് ഒരു പാഠമാണ്. പാരിസ്ഥിതിക പ്രതിസന്ധികളുടെ ആഗോള വർത്തമാനത്തോട് സർഗ്ഗപരമായി പ്രതികരിക്കേണ്ടത് ആധുനിക ഭരണനിർവഹണ സംവിധാനങ്ങളുടെ അടിയന്തര ബാധ്യതയാണ്. മുതലാളിത്തത്തിന്റെ പരിധികളില്ലാത്ത വളർച്ചയുടെയും മൂലധന വികാസത്തിന്റെയും വിഭവങ്ങളുടെ ചരക്കുവത്കരണത്തിന്റെയും പ്രത്യാഘാതങ്ങൾക്ക് വലിയ വില നൽകിക്കൊണ്ടിരിക്കുന്നത് നിരാലംബരായ മനുഷ്യരാണ്. അന്താരാഷ്ട്ര ഉച്ചകോടികളിൽ ആശങ്കകൾ പങ്കുവയ്ക്കാറുണ്ടെങ്കിലും നാട്ടിൽച്ചെന്നാൽ വിഭവക്കൊള്ളയ്ക്ക് കുടപിടിക്കുന്ന ഗവേണൻസാണ് ലോകം മുഴുവൻ ഭരണം നടത്തിക്കൊണ്ടിരിക്കുന്നത്.

തങ്ങളുടേതല്ലാത്ത കാരണങ്ങളാലുണ്ടായ ആഗോളതാപനത്തിന് വില കൊടുക്കേണ്ടി വരുന്നത് ലോകമെമ്പാടുമുള്ള സാധാരണ മനുഷ്യർക്കാണ്. അവരെ പരിഗണിക്കുന്നതരത്തിലുള്ള ഒരു ഇക്കോളജിക്കൽ ഗവേണൻസ് ഭരണനിർവഹണത്തിൽ ഉണ്ടാകേണ്ടതുണ്ട്. അത്തരം പഠനങ്ങൾക്ക് 15 ദിവസങ്ങൾ മാത്രം നീണ്ടുനിന്ന ഈ ചെറിയ പരീക്ഷണം വഴിയൊരുക്കുമോ എന്നാണ് ചിന്തിക്കേണ്ടത്. നിർഭാഗ്യകരമെന്ന് പറയട്ടെ അത്തരം ആലോചനകൾക്ക് പോലും വകനൽകാത്ത കാര്യങ്ങളാണ് ദില്ലി പരീക്ഷണത്തിന്റെ തൊട്ടുപിന്നാലെ ഇന്ത്യയിലും കേരളത്തിലും ഉണ്ടാകുന്നത്.

പുതിയ സംരംഭങ്ങൾക്ക് ആദായ നികുതിയിൽ വൻ ഇളവുകൾ നൽകിക്കൊണ്ടുള്ള കേന്ദ്ര സർക്കാറിന്റെ സ്റ്റാർട്ട് അപ് ഇന്ത്യ കർമ്മ പദ്ധതിയാണ് ഒന്ന്. ആറ് തൊഴിൽ നിയമങ്ങളിലും മൂന്ന് പരിസ്ഥിതി നിയമങ്ങളിലും പുതിയ സംരംഭങ്ങൾക്ക് ഇളവുകൾ ലഭിക്കും. പരിസ്ഥിതി ചട്ടങ്ങൾ പാലിച്ചുവെന്ന് സംരംഭകർ സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയാകും. മൂന്ന് വർഷത്തേക്ക് പരിശോധനകളൊന്നുമുണ്ടാകില്ല. മൂലധന നേട്ട നികുതിയിൽ വൻ ഇളവ് നൽകുന്നുണ്ട്. പുതുസംരംഭങ്ങൾക്ക് വായ്പ നൽകുന്നതിനായി 10,000 കോടി വകയിരുത്തിയിട്ടുമുണ്ട്. ഭാരതീയത പറയുന്നുണ്ടെങ്കിലും വലതുപക്ഷ-നവലിബറൽ സാമ്പത്തിക നയങ്ങൾ പിന്തുടരുന്ന ബി.ജെ.പി സർക്കാറിന് ഈ ഉദാര നയമൊന്നും അത്ര പുതുമയുള്ളതല്ല. പാരിസ്ഥിതിക ഗവേണൻസൊന്നും പരീക്ഷിക്കാൻ അവർ തീരുമാനിച്ചിട്ടുമില്ല. ഗംഗ ശുചീകരിക്കും എന്ന് ഇടയ്ക്കിടെ പറയുന്നിടത്ത് അത് അവസാനിക്കും.

എന്നാൽ ഉദാരവത്കരണ സാമ്പത്തിക നയങ്ങൾക്ക് എതിരായി നിൽക്കുന്ന ഇടതുപക്ഷവും വികസന സങ്കൽപ്പത്തിൽ ഒട്ടും ഭിന്നരല്ല എന്ന വ്യക്തമാക്കുന്ന ഒരു സംഭവം അടുത്തിടെ കേരളത്തിൽ നടക്കുകയുണ്ടായി. അന്താരാഷ്ട്ര പഠന കോൺഗ്രസ്. 1994 മുതൽ സി.പി.എമ്മിന്റെ നേതൃത്വത്തിൽ നടക്കുന്നുണ്ടെങ്കിലും ഇത്തവണ പഠന കോൺഗ്രസ് അതിന്റെ നയം കുറച്ചുകൂടി വ്യക്തമാക്കിയിട്ടുണ്ട്. അവതരിപ്പിക്കപ്പെട്ട പേപ്പറുകളിൽ പല വൈവിദ്ധ്യങ്ങളെയും ഉൾക്കൊള്ളുന്നതിനുള്ള ശ്രമമുണ്ടായെങ്കിലും മുതിർന്ന സി.പി.എം നേതാവ് പിണറായി വിജയൻ നടത്തിയ അദ്ധ്യക്ഷ പ്രസംഗമായിരുന്നു സി.പി.എമ്മിന്റെ വികസന നയത്തിന്റെ രത്ന ചുരുക്കും. ആറുമണിക്കൂറുകൊണ്ട് തിരുവനന്തപുരത്ത് നിന്നും കാസർഗോഡ് എത്തുന്നതിനുള്ള അതിവേഗപാതയുടെ പ്രാധാന്യമാണ് അദ്ദേഹം പ്രസംഗത്തിൽ ഊന്നിപ്പറഞ്ഞത്. മധ്യവർഗ്ഗ വികസന സ്വപ്നങ്ങൾക്ക് അനുയോജ്യമായ നയപരിപാടികൾ അവിഷ്കരിക്കുന്ന ഒരു സർക്കാറാണ് ഇടതുപക്ഷം അധികാരത്തിൽ വന്നാൽ വരാൻ പോകുന്നത് എന്ന സൂചനയാണ് പിണറായി വിജയൻ അദ്ധ്യക്ഷ പ്രസംഗത്തിലൂടെ നൽകിയത്. വിഴിഞ്ഞം പദ്ധതിയെ ന്യായീകരിച്ച് സംസാരിക്കുന്നതിലൂടെ പഠന കോൺഗ്രസിന് മുമ്പും അദ്ദേഹം നയം വ്യക്തമാക്കിയിരുന്നു. സിംഗൂരും നന്ദിഗ്രാമും മൂലമ്പിള്ളി കുടിയൊഴിപ്പിക്കലും കൊക്കക്കോളയെ ക്ഷണിച്ചുകൊണ്ടുവരലും എല്ലാം സംഭവിച്ചത് ഇതേ പാർട്ടിയുടെ ഭരണകാലത്താണ് എന്നതിനാൽ ഇതിലൊന്നും വലിയ അത്ഭുതമില്ല. പക്ഷെ, ആഗോള താപനത്തെക്കുറിച്ചുള്ള ആശങ്കകൾ വ്യാപകമായി പങ്കുവയ്ക്കപ്പെടുന്ന ഒരു കാലത്ത്, കോർപ്പറേറ്റ് വിഭവക്കൊള്ളയുടെ പ്രതിഫലനങ്ങൾ ജനാധിപത്യത്തെ ദുഷിപ്പിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത് ഇക്കോളജിക്കൽ ഗവേണൻസിനെക്കുറിച്ചുള്ള ചർച്ചകൾക്ക് എവിടെയാണ് ഇടം? ദില്ലി സർക്കാർ നടത്തിയ പരീക്ഷണത്തെക്കുറിച്ച് ചർച്ചചെയ്യാനെങ്കിലും ഏതെങ്കിലും പാർട്ടികൾ ഇവിടെ മുതിരുമോ? ■